**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈയിൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് പ്രവർത്തനം നിലച്ച പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈയിൽസ് ഇനിയും തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എൻ.ടി.സി. യ്ക്ക് കൈമാറിയ അളഗപ്പ ടെക്സ്റ്റൈയിൽസ് തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാർ തിരിച്ചുപിടിക്കുന്നതിനും പുതിയ വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ അളഗപ്പ ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08.2021ലും 28.06.2022ലും കത്ത് അയയ്ക്കുകയുണ്ടായി. ഇതിന് നീതി ആയോഗ് ചേർന്ന് തുടർ നടപടി സ്വീകരിക്കുമെന്നാണ് കേന്ദ്രമന്ത്രി മറുപടി നൽകിയത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021 ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദേശസാത്ക്കരണത്തിനു ശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ